LIBRARY ARCHIVES Kerala Legislative Assembly

വരൾച്ചക്കെടുതികൾക്കും അടിയന്തിരാവശ്യങ്ങൾക്കുമായി ഓരോ ജില്ലയ്ക്കും അനുവദിച്ച തുക

35 [649] ശ്രീ. കെ. സി. ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും നിയമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2004-ലെ വരൾച്ചക്കെടുതികൾ പരിഹരിക്കാനും കുടിവെള്ളം, ഇറിഗേഷൻ തുടങ്ങിയ അടിയന്തിരാവശ്യങ്ങൾക്ക് വിനിയോഗിക്കാനുമായി ഓരോ ജില്ലയിലും എത്ര രൂപ വീതം അനുവദിച്ചുവെന്നും ഓരോ ജില്ലയിലും എത്ര രൂപ വീതം ചെലവഴിച്ചുവെന്നും വ്യക്തമാക്കുമോ;

(ബി) വരൾച്ചാ നിവാരണ പദ്ധതികൾക്കായി ഓരോ ജില്ലയിലും എത്ര രൂപയുടെ പദ്ധതികൾക്ക് 2004 ജനുവരി ഒന്നു മുതൽ മേയ് 31 വരെ ഭരണാനുമതി നൽകിയെന്ന് വെളിപ്പെടുത്തുമോ?

ഉത്തരം

(എ) 2003-2004 സാമ്പത്തിക വർഷത്തിലും 2004-2005 വർഷം ഇതുവരെയും വരൾച്ചാ ദുരിതാശ്വാസത്തിനായി പ്രകൃതിക്ഷോഭ ദുരിതാശ്വാസ നിധിയിൽ നിന്നും ഓരോ ജില്ലയ്ക്കും അനുവദിച്ച തുക താഴെ കാണും പ്രകാരമാണ്:

ജില്ല		*തുക ലക്ഷത്തിൽ*
തിരുവനന്തപുരം	..	627
കൊല്ലം	..	450
പത്തനംതിട്ട	..	400
ആലപ്പുഴ	..	753
കോട്ടയം	..	558
ഇടുക്കി	..	601
എറണാകുളം	..	385
തൃശ്ശൂർ	..	540
പാലക്കാട്	..	2027
മലപ്പുറം	..	329
കോഴിക്കോട്	..	295
വയനാട്	..	1228
കണ്ണൂർ	..	350
കാസറഗോഡ്	..	362
ആകെ	..	8905

2003-04 വർഷം അനുവദിച്ച തുക പരമാവധി ചെലവഴിച്ചിട്ടുണ്ട്. നടപ്പു സാമ്പത്തിക വർഷം അനുവദിച്ച തുകയിൽ നിന്നും ചെലവഴിച്ച തുകയുടെ കണക്ക് സാമ്പത്തിക വർഷാരംഭമായതിനാൽ നിജപ്പെടുത്തി വരുന്നതേയുള്ളു.

(ബി) വരൾച്ച നിവാരണത്തിനായി ഓരോ ജില്ലയിലും ഭരണാനുമതി നൽകിയ പ്രവർത്തികളുടെ ലഭ്യമായ വിവരം താഴെക്കാണും പ്രകാരമാണ്:

ജില്ല		*തുക ലക്ഷത്തിൽ*
തിരുവനന്തപുരം	..	812
കൊല്ലം	..	391
പത്തനംതിട്ട	..	187
ആലപ്പുഴ	..	488
കോട്ടയം	..	336
ഇടുക്കി	..	450
എറണാകുളം	..	637
തൃശ്ശൂർ	..	666
പാലക്കാട്	..	1410
മലപ്പുറം	..	758
കോഴിക്കോട്	..	633
വയനാട്	..	1013
കണ്ണൂർ	..	184
കാസറഗോഡ്	..	301
ആകെ	..	8266

"വരൾച്ചാ ദുരിതാശ്വാസത്തിന്റെ ഭാഗമായി അനുവദിച്ച തുക"

36 [650] ശ്രീ. പി. ജയരാജൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും നിയമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ വർഷത്തെ വരൾച്ചാ ദുരിതാശ്വാസത്തിന്റെ ഭാഗമായി ഗവൺമെന്റ് മൊത്തം എത്ര കോടി രൂപ അനുവദിച്ചിട്ടുണ്ട് എന്ന് വ്യക്തമാക്കാമോ;

(ബി) ഓരോ ജില്ലയിലും അനുവദിച്ച തുക എത്ര വീതമാണെന്ന് വിശദമാക്കാമോ?

ഉത്തരം

(എ & ബി) വരൾച്ചാ ദുരിതാശ്വാസത്തിനായി 2003-04 സാമ്പത്തിക വർഷത്തിലും 2004-05 സാമ്പത്തിക വർഷം ഇതുവരെയും ആകെ 89.05 കോടി രൂപ അനുവദിച്ചിട്ടുണ്ട്. അതിന്റെ ജില്ലതിരിച്ചുള്ള കണക്ക് താഴെക്കാണും പ്രകാരമാണ്:

ജില്ല		*തുക ലക്ഷത്തിൽ*
തിരുവനന്തപുരം	..	627
കൊല്ലം	..	450
പത്തനംതിട്ട	..	400
ആലപ്പുഴ	..	753
കോട്ടയം	..	558
ഇടുക്കി	..	601
എറണാകുളം	..	385

LIBRARY ARCHIVES Kerala Legislative Assembly